"ഭരണഭാഷ- മാതൃഭാഷ"

ഫാക്സ് : 0471-2301611
ഫോൺ: 0471-2307227 (Office)
ഇ-മെയിൽ: registrartcmc@gmail.com
www.medicalcouncil.kerala.gov.in

# ട്രാവൻകൂർ - കൊച്ചിൻ മെഡിക്കൽ കൗൺസിൽസ്

റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം, കേരള- 35

---

നം. എ2 (സി.)2820/2012/എം.സി. തീയതി: 10-03-2018

## മോഡേൺ മെഡിസിൻ ഡോക്ടർമാരുടെ ശ്രദ്ധയ്ക്ക്

2002 - ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ (പ്രൊഫഷണൽ കോൺഡക്റ്റ്, എറ്റിക്വറ്റ് ആന്റ് എത്തിക്സ്) റഗുലേഷനുകളുടെ 1.5 ഖണ്ഡിക, 2016-ലെ ഭേദഗതിപ്രകാരം ഡോക്ടർമാർ ജനറിക് നാമത്തിൽ മരുന്നുകൾ കുറിക്കാൻ ബാദ്ധ്യസ്ഥരാണെന്നും എന്നാൽ ഇതു കർശനമായി പാലിക്കപ്പെടുന്നില്ലായെന്നും ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിലവിലുള്ള നിയമം/ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ-കൊച്ചിൻ മോഡേൺ മെഡിസിൻ കൗൺസിൽ താഴെ പറയും പ്രകാരം തീരുമാനമെടുത്തിട്ടുള്ള വിവരം എല്ലാ ഡോക്ടർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

"ഡോക്ടർമാർ മരുന്നു കുറിക്കുമ്പോൾ ജനറിക് നാമം എഴുതാൻ ബാദ്ധ്യസ്ഥരാണെന്ന സർക്കാർ നിർദ്ദേശം കൗൺസിൽ അംഗീകരിക്കുന്നു". ആയതിനാൽ എല്ലാ മോഡേൺ മെഡിസിൻ ഡോക്ടർമാരും 2002 - ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ (പ്രൊഫഷണൽ കോൺഡക്റ്റ്, എറ്റിക്വറ്റ് ആന്റ് എത്തിക്സ്) റഗുലേഷനുകളിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതും മരുന്നു കുറിക്കുമ്പോൾ ജനറിക് നാമം എഴുതേണ്ടതാണെന്നും കുറിപ്പടികൾ എഴുതുമ്പോൾ കഴിയുന്നതും ഇംഗ്ലീഷിലെ ക്യാപിറ്റൽ ലറ്റേഴ്സ് ഉപയോഗിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

രജിസ്ട്രാർ